# തിന്മയല്ല നന്മ തന്നെ അന്വേഷിപ്പിൻ

## ആമോസ് 5:14

"നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന് തിന്മയല്ല നന്മ തന്നെ അന്വേഷിപ്പിൻ അപ്പോൾ നിങ്ങൾ പറയുന്നതുപോലെ സൈന്യങ്ങളുടെ ദൈവമായ യഹോവ നിങ്ങളോടു കൂടെ ഇരിക്കും."

സമകാലീന ജീവിതത്തോടു ബന്ധപ്പെടുത്തി നോക്കുമ്പോൾ, ഏറ്റം അനുയോജ്യവും ഗൗരവമേറിയതും, മനുഷ്യൻ ജീവിതത്തിൽ വളരെ ശ്രദ്ധയോടെ പ്രാവർത്തികമാക്കേണ്ടതുമായ ഒരു വിഷയമാണ് ആമോസിന്റെ പുസ്തകത്തിൽ നിന്നുമുള്ള ഈ വചനഭാഗം. ചെറിയ പ്രവാചകന്മാരിൽ ദൈവത്തിനു ശോഭിച്ച ഒരു അതുല്യ പ്രവാചകനായിരുന്നു ആമോസ്. പാപം അഥവാ തിന്മ ചെയ്ത് ദൈവത്തിൽ നിന്നും അകന്നുപോയ യിസ്രായേൽ ജനത്തോട് ദൈവത്തിങ്കലേയ്ക്ക് മടങ്ങിവരണമെന്നും, ജീവിച്ചിരിക്കേണ്ടതിന് തിന്മയല്ല നന്മ അന്വേഷിക്കണമെന്നുമുള്ള ശക്തമായ ദൂത് നാം ഇവിടെ കാണുന്നു. തെക്കോവയിലെ ഇടയബാലനിലൂടെ അന്ന് പ്രവചിച്ച ദൂത് ഇന്ന് ദൈവമക്കളായ നമ്മൾ ഓരോരുത്തരോടും ആശയവിനിമയം ചെയ്തുകൊണ്ടിരിക്കുന്നു. "തിന്മയല്ല നന്മ തന്നെ അന്വേഷിപ്പിൻ".

ലോകം തിന്മകൊണ്ട് നിറഞ്ഞ് ഒഴുകിക്കൊണ്ടിരിക്കുകയാണ്. തിന്മ അന്വേഷിച്ച് കണ്ടുപിടിക്കേണ്ട കാര്യം ഇന്ന് ഇല്ല. കുട്ടികൾ മുതൽ മുതിർന്നവരുടെ ഇടയിൽപോലും 'നന്മ' എന്ന ഒന്നില്ല. കള്ളവും, ചതിയും, കളവും, വഞ്ചനയും എല്ലായിടവും തിന്മയുടെ സ്വഭാവങ്ങൾ മാത്രം. ദൈനംദിന ജീവിതത്തിന്റെ എല്ലാ മേഖലകളിലും വ്യവഹാരങ്ങൾ, കൊടുക്കൽ വാങ്ങലുകൾ സ്വഭാവങ്ങൾ, സകലത്തിലും തിന്മയുടെ ആധിപത്യം നിഴലിച്ചു നിൽക്കുന്നു. ഓരോരുത്തരും, തിന്മയുടെ മൂർത്തീഭാവങ്ങളായി മാറുന്ന ഞെട്ടിപ്പിക്കുന്ന ഒരു യുഗം. അതിന്റെ മദ്ധ്യത്തിലും ഒരു ദൈവപൈതലിന്റെ ദൗത്യം, നന്മ അന്വേഷിച്ചു പിന്തുടരുക എന്നതാകുന്നു.

എന്താണ് നന്മ? എന്താണ് തിന്മ? എന്നു ദൈവവചനം വ്യക്തമായി നമ്മോടു പറയുന്നുണ്ടല്ലോ.

ഉല്പത്തി 2:17 ൽ നാം ഇങ്ങനെ വായിക്കുന്നു: എന്നാൽ 'നന്മ തിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുതു, തിന്നുന്ന നാളിൽ നീ മരിക്കും' യഹോവ മനുഷ്യനു കൊടുത്ത കല്പന. എന്നാൽ അതിനു വിരുദ്ധമായി അവർ അതു ഭക്ഷിക്കുന്നു, മരിക്കുന്നു, ആത്മീകമായ ഒരു മരണത്തിലേക്ക് മനുഷ്യൻ മാറ്റപ്പെടുന്നു. ദൈവമക്കളായ

നമുക്ക് അറിയാം, ദൈവം ഒരുവൻ മാത്രമേ നല്ലവൻ ആയുള്ളൂ. ദൈവത്തിൽ നിന്നും വരുന്നതെന്തും, അവന്റെ ആഗ്രഹങ്ങൾ എന്തും നന്മ ആകുന്നു. അങ്ങനെയെങ്കിൽ വീണു പോയ ആദാമിനുണ്ടായ ആത്മീക മരണത്തിൽനിന്നും നമ്മെ രക്ഷിച്ച യേശുക്രിസ്തു ആകുന്ന നന്മയിലേക്ക് ജീവിതത്തെ മടക്കി കൊണ്ടുവരാം. ആമോസ് പ്രവാചകനും അതു തന്നെ സംസാരിക്കുന്നു. ജീവിച്ചിരിക്കേണ്ടതിനു നന്മ അന്വേഷിക്കുക. ആത്മീക മരണത്തിന്റെ അവസ്ഥയിൽ നിന്നും, ആത്മീകമായ ജീവന്റെ അനുഭവം പ്രാപിക്കാൻ നമുക്ക് നന്മ മാത്രം അന്വേഷിക്കാം. ഓരോ ദിനവും ജീവിതത്തിലേക്ക് ഒരു എത്തിനോട്ടം. വീണുപോകുന്ന സാഹചര്യങ്ങളിൽ നിന്നും ദൈവത്തിങ്കലേക്ക് മടങ്ങിവരാനുള്ള ആഗ്രഹവും സമർപ്പണവും ദൈവം ആഗ്രഹിക്കുന്നു.

റോമർ 12:21 ൽ പറയുന്നു തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക. നമ്മുടെ ജീവിതത്തിനെതിരെ പോരാടുന്ന ഓരോ തിന്മയെയും നന്മ കൊണ്ട് ജയിക്കാം. ഓരോ ദിവസവും ദൈവത്തിന് പ്രസാദമുള്ള ഒരു ചെറിയ നന്മയെങ്കിലും ചെയ്യാൻ പ്രാപ്തരാക്കാൻ നമ്മെ ദൈവകരങ്ങളിലേക്ക് കൊടുക്കാം. സന്ധിയില്ലാത്ത സമരം ചെയ്ത് തിന്മയെ തോല്പിക്കുവാനും, നന്മയുടെ വക്താക്കളായി തീരുവാനും, കർത്താവിന്റെ കൃപയ്ക്കായി പ്രാർത്ഥിക്കാം. നന്മയുടെ പ്രവർത്തികൾ, അതായത് ദൈവിക ആഗ്രഹങ്ങൾ, താല്പര്യങ്ങൾ, അന്വേഷിച്ച് തിരിച്ചറിഞ്ഞ് പ്രാവർത്തികമാക്കുന്നതിലൂടെ നാം, ദൈവത്തെ അഥവാ ദൈവീക നന്മയെ മറ്റുള്ളവരുടെ ജീവിതത്തിലും കൂടെ പകർത്തിക്കൊടുക്കുകയാണ് എന്ന സത്യം മറക്കരുത്. കാലം ദുഷ്കരമേറിയതാകയാൽ, നന്മയെ തിരിച്ചറിയുവാനുള്ള പരിജ്ഞാനം യേശുകർത്താവിന്റെ സന്നിധിയിൽ നിന്നു പ്രാപിച്ചേ തീരൂ. ദൈവപൈതലിന് അത് അവൻ നിശ്ചലമായും നൽകും. അങ്ങനെ നന്മയുടെ ആയുധങ്ങളായി ഈ ലോകജീവിതത്തിൽ മാത്രമല്ല, നിത്യതയിലും യുഗായുഗങ്ങൾ സൈന്യങ്ങളുടെ യഹോവയുടെ കൂടെ വാഴുവാൻ, സർവ്വകൃപാലുവായ ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ. അതിനായി നമുക്ക് നിരന്തരം പ്രാർത്ഥനയോടെ ദൈവകരങ്ങളിൽ സമർപ്പിക്കാം.

പരാമർശം:

ഗലാത്യർ 6:9

ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും, വിശേഷാൽ സഹ വിശ്വാസികൾക്കും നന്മ ചെയ്ക.

സിസ്റ്റർ ബിന്ദു റെജി അയ്മനം 148